ഉത്തരവ് പിൻവലിക്കണമെന്ന് കാണിച്ച് പാലക്കാട് മുനിസിപ്പാലിറ്റി 11-ാം വാർഡ് കൗൺസിലർ ശ്രീ. ഭാസ്കരൻ ഫയൽ ചെയ്ത പൊതുതാല്പര്യ ഹർജി നമ്പർ 23543/03-ന്റെ വിധിന്യായത്തിൽ ബഹു. ഹൈക്കോടതി അനിമൽ ബർത്ത് കൺട്രോൾ റൂൾസ് കർശനമായി നടപ്പിലാക്കി, അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളുടെ ശല്യം ഒഴിവാക്കാൻ നിർദ്ദേശിക്കുകയും ഹൈക്കോടതി വിധി അക്ഷരംപ്രതി നടപ്പിലാക്കാൻ നിയമവകുപ്പ് അഭിപ്രായപ്പെടുകയും ചെയ്ത പ്രകാരം, ഇത് സംബന്ധിച്ച് എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പേവിഷ ബാധിച്ച് രോഗം സ്ഥിരീകരിച്ചവയെയും ചികിത്സിക്കാൻ കഴിയാത്തവയെയും ദയാവധം നടത്തുന്നതിനും അനിമൽ ബർത്ത് കൺട്രോൾ (ഡോഗ്) റൂൾസ് 2001 പ്രകാരം അനുശാസിക്കുന്നുണ്ട്. ഇത് നടപ്പിലാക്കാൻ നഗരസഭകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ

*16 [369] *ശ്രീ. ജോസഫ് എം. പുതുശ്ശേരി:*

„ *തോമസ് ഉണ്ണിയാടൻ:*

„ *സ്റ്റീഫൻ ജോർജ്:*

ശ്രീമതി എലിസബത്ത് മാമ്മൻ മത്തായി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് ഒരു മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബില്ലിന് രൂപം നൽകുവാനും ഇത് അടിയന്തിരമായി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ നിലവിൽ ഇല്ലാത്തതുകൊണ്ട് വ്യാജ ഡോക്ടർമാർ സംസ്ഥാന വ്യാപകമായി പ്രവർത്തിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വ്യാജ പ്രാക്ടീഷണർമാർക്കെതിരെ ബില്ലിൽ ആവശ്യമായ വ്യവസ്ഥകൾ ചേർക്കുന്നതിന് ഒരു വിദഗ്ദ്ധസമിതിയെ ചുമതലപ്പെടുത്തുമോ?

ആരോഗ്യവകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) ഒരു ഏകീകൃത മെഡിക്കൽ പ്രാക്ടീഷണേഴ്സ് ബിൽ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഉണ്ട്.

(സി) രജിസ്ട്രേഷൻ ഇല്ലാതെ ചികിത്സ നടത്തുക തുടങ്ങിയ നിയമലംഘനങ്ങൾ നടത്തുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിന് ഉതകുന്ന വകുപ്പുകൾ പ്രസ്തുത ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly